അഭ്യസ്തവിദ്യരായ യുവാക്കളുടെ സാമൂഹ്യ പ്രതിബദ്ധത

38 (7335) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളിൽ സാമൂഹ്യ പ്രതിബദ്ധത ഉണ്ടാക്കുന്നതിന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആഡംബരഭ്രമവും ധൂർത്തും പ്രചരിപ്പിക്കുന്ന പുത്തൻ ആഗോള തന്ത്രങ്ങളിൽനിന്നും യുവാക്കളെ മോചിപ്പിച്ച് സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന നല്ല തലമുറയെ സൃഷ്ടിക്കുവാൻ സാംസ്കാരിക വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ-ബി) അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ യുവാക്കളിൽ സാമൂഹ്യ പ്രതിബദ്ധത ഉണ്ടാക്കുന്നതിന് സാംസ്കാരിക വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ മുഖേന താഴെപ്പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്:

കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ മുൻതലമുറ നമുക്ക് നൽകിയ നാട്ടുനന്മകളേയും സാംസ്കാരിക മൂല്യങ്ങളേയും പുതിയ തലമുറയ്ക്ക് പകർത്തുന്നതിനും പരിചയപ്പെടുത്തുന്നതിനും എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും അവിടങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും വിദ്യാലയങ്ങൾക്കും ഫോക് ലോർ ക്ലബ് രൂപീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകികൊണ്ട് നാട്ടറിവുകൾ നൽകിവരുന്നു. സമ്പന്ന പൈതൃകം സൗഹൃദ കേരളം എന്ന സന്ദേശവുമായി 2012 സെപ്തംബർ 4 മുതൽ 22 വരെ അക്കാഡമി നടത്തിയ സാംസ്കാരിക യാത്രാ പൈതൃക കലകളിലൂടെ സമൂഹനന്മയും കൂട്ടായ്മയും ഉണ്ടാക്കിയെടുക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

കേരള സംഗീത നാടക അക്കാഡമിയുടെ കീഴിൽ 365 ദിവസങ്ങളിലും നാടകം എന്ന പദ്ധതിയിൽ നിരവധി യുവാക്കൾ പങ്കെടുക്കുന്നു. ജനകീയ കലയായ നാടകത്തിൽ പ്രവർത്തിക്കുന്നതോടെ യുവാക്കളിൽ സാമൂഹ്യ പ്രതിബന്ധത വളരുന്നു. Drama-Monthly, Ten Programmes a Month (കഥാപ്രസംഗം/മാജിക്ക്, നാടൻപാട്ടുകൾ എന്നിവയും സംഗീതം, നൃത്തം, സിനിമ തുടങ്ങിയ കലകളും നിരന്തരമായ പരിപാടികളും യുവാക്കളെ സാമൂഹ്യബോധമുള്ളവരും സാംസ്കാരസമ്പന്നരുമാക്കുന്നു.

കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന ശില്പശാല, കഥാക്യാമ്പ്, കവിതാക്യാമ്പ് തുടങ്ങിയവയിൽ ധാരാളം യുവാക്കൾ പങ്കെടുക്കുന്നുണ്ട്. യുവാക്കളിൽ ഒളിഞ്ഞുകിടക്കുന്ന സർഗാത്മകതയെ ഉണർത്തുന്നതിനും അതുവഴി ഐക്യബോധം ഉണ്ടാക്കുന്നതിനും ഇത് ഉപകരിക്കുന്നു. ആശയ സംവാദം കൊണ്ട് സമ്പുഷ്ടമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ യുവാക്കളിൽ സാമൂഹ്യപ്രതിബന്ധത ഉണ്ടാക്കുന്നതിന് ഏറെ സഹായകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള ലളിതകലാ അക്കാഡമി യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായ പരിസ്ഥിതി ബോധം സൃഷ്ടിക്കുന്നതിന് വേണ്ടി ജൂണിൽ 'മഴ' ചിത്രകലാ ക്യാമ്പ്, 'പ്രകൃതിവന്ദനം' പരിസ്ഥതി ചിത്രരചനയും സെമിനാറും നടത്തിയിട്ടുണ്ട്. മദ്യാസക്തിക്ക് എതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേർന്നുകൊണ്ട് യുവകലാകാരന്മാരും പൊതുജനങ്ങളും ഒരുമിക്കുന്ന ജനകീയ ക്യാൻവാസ് എന്ന സാമൂഹ്യ ചിത്രരചന ജൂലൈ 18-ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന (ജൂലൈ 11-14) പെണ്ണ ചിത്രകലാക്യാമ്പും സംവാദവും സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായ സ്ത്രീശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സംഘടിപ്പിക്കുന്നത്.

ഇത്തരം പരിപാടികൾ ആഡംബര ഭ്രമവും ധൂർത്തും പ്രചരിപ്പിക്കുന്ന പുത്തൻ ആഗോളതന്ത്രങ്ങളിൽ നിന്നും യുവാക്കളെ മോചിപ്പിച്ച് സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന നല്ല തലമുറയെ സൃഷ്ടിക്കുവാൻ ഉതകുന്നതാണ്.

ബാലുശ്ശേരി കോട്ടയിലെ ദാരുശില്പങ്ങൾ

39 (7336) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചുമർ ചിത്രം കണ്ടെടുക്കുകയും നവീകരിക്കുകയും ചെയ്ത ബാലുശ്ശേരി കോട്ടയിലെ ദാരുശില്പങ്ങൾ മഴയിലും വെയിലിലും നശിക്കാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിശോധിച്ച് സംരക്ഷണ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാലുശ്ശേരി കോട്ട വേട്ടയ്ക്കൊരു മകൻ ക്ഷേത്രം നിലവിൽ സംരക്ഷിത സ്മാരകമല്ല. പ്രസ്തുത ക്ഷേത്രം പരിശോധിച്ച് ആവശ്യമായ അടിയന്തര സംരക്ഷണ പണികൾ ചെയ്യുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കോട്ടകൾ

40 (7337) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര കോട്ടകളുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly